ആഭ്യന്തര-വിദേശ മൂലധന നിക്ഷേപം

*14 [430] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:

" വി. കെ. ഇബ്രാഹിം കുഞ്ഞ്:

" പി. കെ. കെ. ബാവ:

" കെ. എൻ. എ. ഖാദർ:

" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്ത-വിദേശ സ്രോതസ്സുകളിൽ നിന്നായി മൂലധന നിക്ഷേപം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ ഇനത്തിൽ എന്ത് നിക്ഷേപം ഉണ്ടായി എന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) പത്താം പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്ന 6.5 ശതമാനം വളർച്ചാ നിരക്ക് സംസ്ഥാനത്ത് കൈവരിക്കണമെങ്കിൽ സർക്കാരിന്റെ തനതായ നിക്ഷേപത്തിനുപരി ഇതര സ്രോതസ്സുകളിൽ നിന്നു കൂടി സാദ്ധ്യമായ മൂലധന നിക്ഷേപം നടത്തേണ്ടിയിരിക്കുന്നു. ഇതിന്റെ ഭാഗമായി ആഭ്യന്തര വിദേശ സ്രോതസ്സുകളിൽ നിന്നും മൂലധന നിക്ഷേപം വർദ്ധിപ്പിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

(ബി) ആഭ്യന്തര മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അഖിലേന്ത്യാ ധനകാര്യ സ്ഥാപനങ്ങളുമായും, ബാങ്കുകളുമായി ചർച്ചകൾ നടത്തി സർക്കാർ പുറപ്പെടുവിക്കുന്ന ബോണ്ടുകളിലും സർക്കാർ വികസന പ്രവർത്തനങ്ങളിലും കൂടുതൽ മൂലധന നിക്ഷേപം നടത്തുവാൻ ധനകാര്യ സ്ഥാപനങ്ങളെയും ബാങ്കുകളെയും പ്രേരിപ്പിച്ചുവരുന്നു. ആസൂത്രണ കമ്മീഷനുമായി സംസ്ഥാന വാർഷിക പദ്ധതി ചർച്ച ചെയ്യുമ്പോൾ വിദേശ സ്രോതസ്സുകളിൽ നിന്നുള്ള മൂലധന നിക്ഷേപം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൂടുതൽ വിദേശ സഹായ പദ്ധതികൾക്കായി സംസ്ഥാനം അംഗീകാരം തേടാറുണ്ട്. വിദേശ മൂലധന നിക്ഷേപം വർദ്ധിപ്പിക്കുവാനുള്ള മറ്റൊരു സംരംഭമായിരുന്നു ആഗോള നിക്ഷേപ സംഗമം. കേരളത്തെ മറ്റൊരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിലേക്കാവശ്യമായ നിയമ നിർമ്മാണം (ഭേദഗതികൾ), നയങ്ങൾ, വിവിധ മേഖലകളിൽ അനുയോജ്യമായ അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്നിവയ്ക്കും നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബാങ്കുകളിൽനിന്നും ലഭ്യമായ വായ്പാ തുക ഇപ്രകാരമാണ്.

വർഷം	*രൂപ കോടിയിൽ*
2001 മാർച്ച്	19,180
2002 മാർച്ച്	22,062
2003 മാർച്ച്	27,007

ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സെന്ററുകൾ തുടങ്ങുന്നതു സംബന്ധിച്ച്

*15 [431] ശ്രീ. സ്റ്റീഫൻ ജോർജ്ജ്:

" ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി

ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളോടനുബന്ധിച്ച് ഏതെല്ലാം സ്ഥലങ്ങളിലാണ് എ.ടി.എം. സെന്ററുകൾ ആരംഭിക്കാൻ പദ്ധതിയിട്ടിട്ടുള്ളത്;

(ബി) ആദ്യപടിയായി കേരളത്തിൽ എത്ര സ്ഥലത്ത് എ.ടി.എം. സെന്ററുകൾ ആരംഭിക്കുമെന്ന് അറിയിക്കുമോ;

(സി) ഈ പുതിയ സംവിധാനം വഴി എത്ര തുക അധികമായി ട്രഷറി ഇടപാടുകൾക്ക് ലഭ്യമാകും എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) ഇതുമൂലം സർക്കാരിന് സ്വരൂപിക്കാൻ കഴിയുന്ന സാമ്പത്തിക മൂല്യത്തെക്കുറിച്ചും ട്രഷറികളുടെ പ്രവർത്തന മേഖലയിൽ വന്നുചേരാവുന്ന വിപുലീകരണത്തെക്കുറിച്ചും വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) സംസ്ഥാനത്ത് ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

(ബി) ബാധകമല്ല.

(സി ആന്റ് ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly